പതിനാലാം കേരള നിയമസഭ
പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4357 | 13/12/2018 ൽ മറുപടിക്ക്

## ശബരിമലയിലെ അനധികൃത കെട്ടിട നിർമ്മാണം

ചോദ്യം | മറുപടി

ശ്രീ.കെ.മുരളീധരൻ | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>സുപ്രീംകോടതി നിയമിച്ച ശബരിമല ഹൈപവർ കമ്മിറ്റി ശബരിമലയിലെ അനധികൃത കെട്ടിട നിർമ്മാണം ഒഴിവാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരും ദേവസ്വം ബോർഡും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;</td><td>(എ)</td><td>ശബരിമല മാസ്റ്റർ പ്ലാനിനു വിരുദ്ധമായി എന്തെങ്കിലും നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യണമെന്ന് സുപ്രീം കോടതി നിയോഗിച്ച എംപവേഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. നിർദ്ദേശം ദേവസ്വം ബോഡ് പരിശോധിച്ചുവരുന്നു.</td></tr>
<tr><td>(ബി)</td><td>സുപ്രീംകോടതി അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമല്ലാതെ പമ്പയിലും സന്നിധാനത്തും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;</td><td rowspan="2">(ബി) യും (സി) യും</td><td rowspan="2">മാസ്റ്റർ പ്ലാൻ അംഗീകരിച്ചതിനു ശേഷം ശബരിമലയിൽ നടന്നിട്ടുള്ള എല്ലാ നിർമ്മാണ പ്രവർത്തികളും മാസ്റ്റർ പ്ലാനിനു വിധേയമായിട്ടാണ് നടന്നിട്ടുള്ളതെന്ന് ദേവസ്വം ബോഡ് വിലയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ആയത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ